## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4309 — 21.03.2018-ൽ മറുപടിയ്ക്ക്

### സ്മാർക്കുമായി ബന്ധിപ്പിച്ച പഞ്ചിംഗ് സമ്പ്രദായം

| ചോദ്യം<br>ശ്രീ. പി. കെ. ബഷീർ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിലവിൽ ഏതെല്ലാം വകുപ്പുകളിലും ഓഫീസുകളിലുമാണ് സ്പാർക്കുമായി ബന്ധിപ്പിച്ച പഞ്ചിംഗ് സമ്പ്രദായം നിലവിലുള്ളത്; | (എ) | സെക്രട്ടേറിയറ്റിലെ പഞ്ചിംഗ് സംവിധാനം സ്പാർക്കുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. മറ്റ് ഓഫീസുകളിലെ പഞ്ചിംഗ് സംവിധാനം നിലവിൽ സ്പാർക്കുമായി ബന്ധിപ്പിച്ചിട്ടില്ല. |
| (ബി) | പഞ്ചിംഗ് ഏർപ്പെടുത്തിയ ഓഫീസുകളിൽ ജീവനക്കാരുടെ ഹാജർനിലയും ജോലിയിലുള്ള കാര്യക്ഷമതയും വർദ്ധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്, കൃത്യ സമയത്ത് ഓഫീസിൽ ഹാജരാകുന്ന ജീവനക്കാരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (സി) | സ്പാർക്കുമായി ബന്ധിപ്പിച്ച പഞ്ചിംഗ് സമ്പ്രദായം ഇനിയും ഏതെല്ലാം വകുപ്പുകളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (സി) | ടി സംവിധാനം എല്ലാ സർക്കാർ ഓഫീസുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (ഡി) | സെക്രട്ടേറിയറ്റിൽ ഏർപ്പെടുത്തിയ പഞ്ചിംഗിൽ ഇപ്പോൾ അനുവദിച്ച ഫ്ലെക്സിബിൾ ടൈമിംഗ് കുറവായതിനാൽ വാഹനസൗകര്യങ്ങളുടെ കുറവ്, ട്രെയിനുകൾ തുടർച്ചയായി ലേറ്റ് ആകുന്നത് ഇവ മൂലം ദൂരെ സ്ഥലങ്ങളിൽ നിന്നും വന്നു പോകുന്ന ജീവനക്കാർക്ക് അറ്റൻഡന്റ്സ് നഷ്ടമാകുന്നതിന് കാരണമാകുന്നു എന്നതിനാൽ ഒരു മാസത്തിൽ അനുവദിക്കപ്പെട്ട ഫ്ലെക്സിബിൾ സമയം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ